# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3474 — 09.04.2013-ൽ മറുപടിയ്ക്ക്

## പി.ഡബ്ല്യൂ.ഡി ഓഫീസുകളുടെ പുനഃസംഘടന

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീമതി കെ.കെ.ലതിക** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) പി.ഡബ്ല്യൂ.ഡി സെക്ഷൻ ഓഫീസുകൾ നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;<br><br>(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | **(എ) & (ബി):**<br><br>സർക്കാരിന്റെ നൂറ് ദിന പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്ന ഒരു ഇനമാണ് നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള പി.ഡബ്ല്യൂ.ഡി സെക്ഷനുകളുടെ പുന:ക്രമീകരണം. പൊതുമരാമത്ത് വകുപ്പ് റോഡ്സ് സെക്ഷനുകൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ പുന:ക്രമീകരിക്കുന്നതിനുവേണ്ടിയുള്ള പഠനം നടത്തുവാൻ നാറ്റ്പാക്കിനെ ചുമതലപ്പെടുത്തിയിരുന്നു. ഇതേപ്പറ്റി നാറ്റ്പാക് പഠനം നടത്തുകയും നിയമസഭയിലെ ബാങ്ക്വറ്റ് ഹാളിൽ വെച്ച് ബഹു.മുഖ്യമന്ത്രി, ബഹു. സ്പീക്കർ, മറ്റു മന്ത്രിമാർ, എം.എൽ.എ മാർ എന്നിവരുടെ മുമ്പാകെ ഒരു പ്രസന്റേഷൻ നടത്തിയിട്ടുള്ളതും പ്രസന്റേഷന്റെ സി.ഡി എല്ലാ എം.എൽ.എ മാർക്കും നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത പ്രസന്റേഷന്റെ അടിസ്ഥാനത്തിൽ പല എം.എൽ.എ മാരും അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കുകയുണ്ടായി. നാറ്റ്പാക്കിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയതായി സെക്ഷൻ ഓഫീസുകൾ രൂപീകരിക്കുന്നത് ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾ ലഭിച്ചു. എന്നാൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്നതിനാൽ ഓരോ നിയോജകമണ്ഡലത്തിലും ഒരു സെക്ഷനെങ്കിലും വരുന്ന രീതിയിൽ പുന:ക്രമീകരണത്തിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്. |

**സെക്ഷൻ ഓഫീസർ**